(ബി) ഏതൊക്കെ കമ്പനികളിൽ നിന്നാണ് മദ്യം വാങ്ങിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിൽ ബാറുകൾ വഴി വിറ്റഴിച്ച മദ്യം എത്ര ;

(ഡി) കോർപ്പറേഷന്റെ റീട്ടെയിൽ ഷോപ്പുകൾ വഴി വിറ്റഴിച്ച മദ്യം എത്ര ;

(ഇ) അനധികൃത മദ്യവില്പന സംസ്ഥാനത്ത് വ്യാപിച്ചിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) അനധികൃത മദ്യത്തിന്റെ വിതരണവും വില്പനയും തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2005 ഏപ്രിൽ മുതൽ ഡിസംബർ വരെ ബിവറേജസ് കോർപ്പറേഷൻ വഴി നടത്തിയ മദ്യവില്പന താഴെപ്പറയും പ്രകാരമാണ്:

ഇൻഡ്യൻ നിർമ്മിത വിദേശമദ്യം	:	82.22 ലക്ഷം കെയ്സുകൾ
ബിയർ	:	27.61 ലക്ഷം കെയ്സുകൾ

(ബി) അനുബന്ധം ആയി കൊടുത്തിരിക്കുന്നു. †

(സി) 2005 ഏപ്രിൽ മുതൽ ഡിസംബർ വരെ ബിവറേജസ് കോർപ്പറേഷൻ മുഖേന ബാറുകൾക്ക് താഴെപ്പറയും പ്രകാരം വിൽപന നടത്തിയിട്ടുണ്ട്:

ഇൻഡ്യൻ നിർമ്മിത വിദേശമദ്യം	:	22.78 ലക്ഷം കെയ്സുകൾ
ബിയർ	:	12.90 ലക്ഷം കെയ്സുകൾ

(ഡി) 2005 ഏപ്രിൽ മുതൽ ഡിസംബർ വരെ കോർപ്പറേഷന്റെ റീട്ടെയിൽ ഷോപ്പുകൾ വഴി താഴെപ്പറയന്ന പ്രകാരം വില്പന നടത്തിയിട്ടുണ്ട്:

ഇൻഡ്യൻ നിർമ്മിത വിദേശമദ്യം	:	52.72 ലക്ഷം കെയ്സുകൾ
ബിയർ	:	12.63 ലക്ഷം കെയ്സുകൾ

(ഇ ആന്റ് എഫ്) അനധികൃത മദ്യ വിൽപ്പനയും വിതരണവും തടയുന്നതിനായി സംസ്ഥാനത്ത് ജില്ലാ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരുടെ കീഴിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ എർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അബ്കാരി കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിന് എല്ലാ ജില്ലകളിലും എക്സൈസ് ഇന്റലിജൻസ് ആന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

വില്പന നികുതിയിനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക

5 [462] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) വാറ്റ് നിയമം സംസ്ഥാനത്ത് നടപ്പിലാക്കിയപ്പോൾ വില്പന നികുതി ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക പിരിച്ചെടുക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) വില്പന നികുതിയിനത്തിൽ 1-4-2005 വരെ എന്ത് തുകയാണ് കുടിശ്ശികയുള്ളതെന്ന് വെളിപ്പെടുത്താമോ ;

(സി) ഈ ഇനത്തിൽ 2006 ജനുവരി 15 വരെ എന്ത് തുക പിരിച്ചെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സ്വീകരിച്ച നടപടികൾ താഴെ പറയുന്നവയാണ്:

(1) റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. വില്പന നികുതി നിയമത്തിലെ അധികാരം ഉപയോഗിച്ച് ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർമാരും റവന്യൂ റിക്കവറി നടപടികൾ നടത്തി നികുതി കുടിശ്ശിക പിരിക്കുന്നുണ്ട്.

(2) വില്പന നികുതി കുടിശ്ശിക പിരിവിൽ കുറവ് അനുഭവപ്പെടുന്ന ഓഫീസുകളിൽ വാണിജ്യ നികുതി കമ്മീഷണറേറ്റിൽ നിന്ന് നേരിട്ട് പരിശോധന നടത്തുന്നതിനും പിരിവ് ഊർജ്ജിതമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(3) കോടതി സ്റ്റേ ചെയ്ത കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് പ്രസ്തുത കേസുകൾ വേഗം തീർപ്പാക്കി കിട്ടുന്നതിനായി പ്രത്യേകം ഗവൺമെന്റ് പ്ലീഡർമാരെ നിയോഗിച്ചിട്ടുണ്ട്. ജോയിന്റ് കമ്മീഷണർ (ലോ) യുടെ കീഴിൽ പ്രത്യേക വിഭാഗവും പ്രവർത്തിച്ചിട്ടുണ്ട്.

(ബി) 2777.23 കോടി രൂപ.

(സി) വിവരം ശേഖരിച്ചുവരുന്നു.

ട്രഷറി നിയന്ത്രണം

6 [463] ഡോ. തോമസ് ഐസക് :
ശ്രീ. എം. വി. ജയരാജൻ :
,, രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ഇപ്പോൾ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ; സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) സർക്കാരിന്റെ ഇപ്പോഴത്തെ സാമ്പത്തിക നിലയെ സംബന്ധിച്ച് വിശദമാക്കാമോ ;

(സി) സർക്കാരിന്റെ സാമ്പത്തിക ബുദ്ധിമുട്ടുമൂലം ട്രഷറികളിൽ നിന്നുള്ള പേമെന്റുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തേണ്ടി വന്നിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly